ശമ്പള പരിഷ്കരണ കമ്മീഷൻ

5(5) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള 9-ാം ശമ്പള പരിഷ്കരണ കമ്മീഷനെ എന്നാണ് നിയമിച്ചത്; പ്രസ്തുത കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയത് എന്നാണ് എന്നീ വിവരങ്ങൾ അറിയിക്കാമോ ;

(ബി) 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ട് എത്ര മാസമായി ; പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്. 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് എന്ന് അനുഭവവേദ്യമാകും എന്നീ വിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള 9-ാം ശമ്പളപരിഷ്കരണ കമ്മീഷൻ, 20-2-2010-ലെ സ.ഉ. (കൈ) നമ്പർ 81/2010/ധന. പ്രകാരം സർക്കാർ നിയമിക്കുകയുണ്ടായി. കമ്മീഷൻ സർക്കാരിന് 31-2-2010-ൽ റിപ്പോർട്ട് സമർപ്പിച്ചു.

(ബി) 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ട് 28-2-2015-ൽ 15 മാസം പൂർത്തിയായിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് ലഭ്യമായതിനുശേഷം സർക്കാർ ശമ്പളപരിഷ്കരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ

6 (6) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.-മാർക്ക് ലഭ്യമാക്കണമെന്ന ഉത്തരവുണ്ടായിട്ടും പല വകുപ്പുകളും ഈ ഉത്തരവ് പാലിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly